● ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ എട്ടാം എതിരേൽപ്പ് ഉത്സവത്തിന്റെ ഭാഗമായി നടന്ന കടവൂർ കരയുടെ ഉരുളിച്ച വരവ്.

കാപ്പുകെട്ടി വ്രതം

മാവേലിക്കര: ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ കാർത്തിക ദർശനത്തിനുള്ള തിരുവാഭരണ ഘോഷയാത്രയിൽ പങ്കാളികളാകുന്ന കരപ്രതിനിധികൾ കാപ്പുകെട്ടി വ്രതമാരംഭിച്ചു.13 കരകളിൽ നിന്നും അഞ്ചുപേർ വീതമാണ് വ്രതനിഷ്ഠയോടെ തിരുവാഭരണ പേടകങ്ങൾ തലയിലേന്തുന്നത്.

23നാണ് കാർത്തിക ദർശനം. 22ന് വൈകിട്ട് അഞ്ചിന് തിരുവാഭരണ ഘോഷയാത്ര ഹരിപ്പാട് സുബ്രഹ്മണ്യസ്വാമീ ക്ഷേത്രത്തിൽനിന്ന് പുറപ്പെട്ട് കാൽനടയായി ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിൽ എത്തിച്ചേരും. ശ്രീദേവീവിലാസം ഹിന്ദുമത കൺവൻഷൻ ഭാരവാഹികളും കരനാഥൻമാരും ഘോഷയാത്രയ്ക്ക് നേതൃത്വം നൽകും. വിവിധ ക്ഷേത്രങ്ങളിലും കരകളിലും സ്വീകരണം നൽകും.

23ന് രാവിലെ മുതൽ ഭക്തർക്ക് തിരുവാഭരണം ചാർത്തിയുള്ള ദേവീ ദർശനത്തിന് അവസരമുണ്ടാകും.

●അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഉത്സവത്തിന്റെ ഭാഗമായി നടന്ന ആമയിട കരക്കാർ വക പടയണി വരവ്

ശുചിത്വ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നിർദേശം

ആലപ്പുഴ: മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സെമിനാർ സംഘടിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.മഹേന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബൈജു ജോസ് അധ്യക്ഷത വഹിച്ചു. എൽ.എസ്.ജി.ഡി ഡെപ്യൂട്ടി ഡയറക്ടർ സി അലക്സ്, ഡെപ്യൂട്ടി ഡയറക്ടറും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുമായ ഡി. ഷിൻസ്, തൊഴിലുറപ്പ് വിഭാഗം ജെ.പി.സി,എസ്.എസ്. സജി എന്നിവർ സംസാരിച്ചു. തുടർന്ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് ഡയറക്ടർ സന്തോഷ് മാത്യു മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് അവതരണം നടത്തി. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ദിലീപ് കുമാർ വിഷയാവതരണം നടത്തി. വിവിധ വകുപ്പ് ഉദ്യോഗസ്ഥരും ആരോഗ്യപ്രവർത്തകരും ജനപ്രതിനിധികളും പങ്കെടുത്ത പരിപാടിയിൽ ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റ് സന്ധ്യ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ സിജോ രാജു, വി. രേവതി, റിസോഴ്സ് പേഴ്സൺമാരായ ശാലിനി, കാർത്തിക എന്നിവർ പങ്കെടുത്തു. ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ പി. അഖിൽ നന്ദി രേഖപ്പെടുത്തി.

തെക്കേക്കരയിൽ കൊയ്ത്തുത്സവം

മാവേലിക്കര: തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ പള്ളിയാവട്ടം, കുറത്തികാട്, ചൂരലൂർ, ചെറുകുന്നം പാടശേഖരങ്ങളിലെ 300 ഏക്കർ നെൽകൃഷിയുടെ വിളവെടുപ്പുത്സവം തുടങ്ങി. പള്ളിയാവട്ടം പാടശേഖരത്തിൽ പ്രസിഡന്റ് പ്രിയ വിനോദ് ഉദ്ഘാടനം ചെയ്തു. ജി . വിഷ്ണു, സുധർമ, പ്രദീപ്കുമാർ, കെ .സുരേന്ദ്രൻ, പി. സുരേന്ദ്രൻ, സദാനന്ദൻ, രവി മുണ്ടത്ത് തുടങ്ങിയവർ പങ്കെടുത്തു.

NADUVATTOM VOCATIONAL HIGHER SECONDARY SCHOOL

Naduvatttom P.O., Pallippad, Alappuzha-690512
Ph: 0479-2408657, 9745827439 (Manager)
9447614122 (Principal), 9400607965 (Headmistress)
Email: 35026alappuzha@gmail.com

Date: 24.2.2026

WANTED

Applications are invited from qualified candidates for appointment to the following post.

Name of Post	Nature of Post	No. of Post	Qualification	Scale of Pay	Age as on 01.01.2026
Non Vocational Teacher in Commerce (Junior)	Permanent	One	1) Post Graduate Degree in Commerce with not less than 50% Marks awarded by any universities in Kerala or equivalent 2) B.Ed Degree in the subject concerned acquired after a regular course of study form any of the universities in Kerala or equivalent. 3) Must have passed the State Eligibility Test for the post of Non Vocational Teacher conducted by Govt. of Kerala.	45600-95600	Not below 23 and not above 39

Apply with full biodata and self attested copies of certificates within 15 days by Registered post to The Manager, Naduvattom VHSS, Naduvattom P.O., Pallippad, Pin: 690512.

Jayaprakash C.G. (Sd/-)
Manager
Naduvattom VHS School

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

ശാഖാ ഓഫീസ്: എ. ആർ. എം. ബി. എറണാകുളം, പി.എൻ.ബി. ഹൗസ്, മാർക്കറ്റ് റോഡ്, എറണാകുളം-682011. ഫോൺ: **0484-2350477**, ഇ-മെയിൽ: **CS4459@pnb.bank.in**

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) & 9(1) പ്രകാരം **ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-വിൽപന നോട്ടീസ്.** താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 27.03.2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് വായ്പക്കാർ/ ജാമ്യക്കാരുടെ പേര് /വിലാസം	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക. സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ
1	**PNB, ARMB, എറണാകുളം** **M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ ട്രസ്റ്റ്**, 3C, സമ്മർ ബ്രീസ്, കുറവൻകോണം,കവടിയാർ പി.ഒ, തിരുവനന്തപുരം -695003, രജിസ്റ്റേർഡ് ഓഫീസ്, 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003 & അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്: ആക്സിസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി H.No. 5/424, നന്ദിക്കര പി.ഒ, കൊടകര (വഴി), എൻ.എച്ച്.47, തൃശ്ശൂർ-680301 പ്രതിനിധാനം ചെയ്യുന്നത് ജനറൽ സെക്രട്ടറി. **ടി.സി വിൽസൺ,** S/o ചാക്കോ, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറി & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർപി.ഒ., തിരുവനന്തപുരം-695003, ബി) താമസം: തേക്കാനം വീട്, ഒക്കൽ പി.ഒ., താണിപ്പുഴ, ആലുവ, സി) സമ്മർ ബ്രീസ്, No.3C കുറവവോണം ജംഗ്ഷൻ, കവടിയാർ പി.ഒ, പിൻ 695003, കവടിയാർ വില്ലേജ്, തിരുവനന്തപുരം ജില്ല. **ബി.സയ്ദ് മുഹമ്മദ്,** S/o പരേതനായ അബ്ദുള്ള, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ-ന്റെ ചെയർമാൻ & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: ആഞ്ചസ് ആഷിയാമ്മ 50/1835 ചേരാനല്ലൂർ റോഡ്, സൊസൈറ്റി പടി നോർത്ത്, ഇടപ്പള്ളി നോർത്ത്, എയിംസ് പി.ഒ, കൊച്ചി -682041. **എം.കെ നസറുദ്ദീൻ മുസലിയാർ,** S/o കെ.എം.കെ മുസലിയാർ, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ട്രഷറർ & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: അമൽ, 236/1104 (4), ഇഞ്ചിക്കൽ, പേട്ട വില്ലേജ്, വള്ളക്കടവ് പി.ഒ, പിൻ -695008, തിരുവനന്തപുരം. **ജി.ഹരികുമാർ,** S/o ഗോപാല പിള്ള, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ജോയിന്റ് സെക്രട്ടറി & ട്രസ്റ്റി,വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ.,തിരുവനന്തപുരം-695003, ബി) താമസം: ടിസി 9/2037 (15), എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം, **കെ.ജി മധു,** S/o പി.ഗോപി, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: കള്ളിയേത്ത്, PRA 142A, പടയണി റോഡ്, മരുതൻകുഴി,വട്ടിയൂർക്കാവ് വില്ലേജ്, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം-695013. **കുഞ്ഞിപോക്കർ മുഹമ്മദ്,** S/o പരേതനായ മുഹമ്മദ്, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ, -ന്റെ ട്രസ്റ്റി, വിലാസം:എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003, ബി) താമസം: തെക്കേപടയിൽ വീട്, പുന്നയൂർ പഞ്ചായത്ത്, പി ഒ വടക്കേകാട് (വഴി) പട്ടകുളങ്ങര ക്ഷേത്രം,നോർത്ത് തൃശ്ശൂർ,കേരളം, **ദീപ ജെ,** D/o ജയകുമാരി എസ്,കാർത്തിക,തുരുവിക്കൽ പി.ഒ, പുലയനാർകോട്ട, ചെറുവിക്കൽ വില്ലേജ്,തിരുവനന്തപുരം- 695031. **എസ്.ബിന്ദു കലാദേവി,** D/o ശിവകുമാരി അമ്മ, പുതുമടം പുത്തൻവീട്, 5th അവന്യൂ, നമ്പർ 86, അഭയ നഗർ, ഊളൻപാറ,പേരൂർക്കട,തിരുവനന്തപുരം.**അബ്ദുൾ കരീം,** S/o പരീദ്, മുസ്ലീംവീട്ടിൽ വീട്, വെങ്കിടങ്ങ് പി.ഒ.,തൃശൂർ-680510. **സൗധ അബ്ദുൾ കരീം,** W/o അബ്ദുൾ കരീം, മുസ്ലീംവീട്ടിൽ വീട്, വെങ്കിടങ്ങ് പി.ഒ., തൃശൂർ-680510. **മുഹമ്മദ് അഷറഫ് അഥവാ കെ.കെ അഷറഫ്,** S/o കുഞ്ഞുമോൻ മുസലിയാർ, താമസം: കറപ്പം ഹൗസ്, ചൊവ്വല്ലൂർ, കണ്ടാണശ്ശേരി, തൃശൂർ-680517. **ശ്രീ.സി.സി തമ്പി,** S/o ചാക്കൗട്ടി M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ-ന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003,ബി) താമസം: ചെറുവത്തൂർ വീട്, കോട്ടോൾ,പഴഞ്ഞി പി.ഒ, പഴഞ്ഞി വില്ലേജ്, തൃശൂർ-690542. **ജി.ഹരികുമാർ,** പരേതനായ സൂര്യദത്ത്-ന്റെ നിയപരമായുള്ള അവകാശി, ടിസി 9/2037 (15), എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം, **ശ്രീമതി. വിശ്വേശരി,** W/o ജി ഹരികുമാർ, പരേതനായ സൂര്യദത്ത്-ന്റെ നിയപരമായുള്ള അവകാശി, ടിസി 9/2037, തമ്പുരാൻ നഗർ, എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം	**(1)** തിരുവനന്തപുരം ജില്ലയിൽ, ശാസ്തമംഗലം വില്ലേജിൽ പരേതനായ സൂര്യദത്തിന്റെ പേരിലുള്ള സർവ്വേ നം. 444/1ൽ പ്പെട്ട 1.82 ആർസ് (4.5 സെന്റ്) & 1.82 ആർസ് (4.5 സെന്റ്) വസ്തുവും അതിലിരിപ്പ് കെട്ടിടവും മറ്റു സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: (1.82 ആർസ്): വടക്ക്:** വിജയകുമാരൻ നായർ വക വസ്തു, **തെക്ക്:** കൃഷ്ണൻ നായർ വക വസ്തു, **കിഴക്ക്:** കൃഷ്ണൻ നായർ വക വസ്തു,**പടിഞ്ഞാറ്:** നടവഴി. **(1.82 ആർസ്): വടക്ക്:** പുരയിടം, **തെക്ക്:** രാജമ്മ അമ്മ വക വസ്തു, **കിഴക്ക്:** ഭാസ്കരൻപിള്ള വക വസ്തു,**പടിഞ്ഞാറ്:** നടവഴി. **(2)** ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽ, കരുവാറ്റ വില്ലേജിൽ, പരേതനായ സൂര്യദത്തിന്റെ പേരിലുള്ള റീസർവ്വേ നം. 369/6 (സർവ്വേ നം.4385A, 4385B) റീസർവ്വേ ബ്ലോക്ക് നമ്പർ 3 ൽ പ്പെട്ട 54.710 സെന്റ് (22.15 ആർസ്)സ്ഥലവും മറ്റു സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** സ്പിൽവേ ചാനൽ; **തെക്ക്:** തൈവപ്പിൽ പുരയിടം; **കിഴക്ക്:** പഞ്ചായത്ത് മൺറോഡ്; **പടിഞ്ഞാറ്:** ചുറ്റുമതിൽ.	(എ). 13(2)-23.08.2024, 14.09.2024 ന് പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. **(ബി). 28.02.2026 ലെ രൂപ 8,59,83,998.69 (എട്ട് കോടി അൻപത്തി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ അറുപത്തി ഒൻപത് പൈസ)**യും പലിശയും മറ്റ് ചെലവുകളും **(സി). കൈവശമെടുത്ത തീയതി- വസ്തു നം.1ന് – 22.11.2024 വസ്തു നം.2ന് – 07.12.2024** **(ഡി). പ്രതീകാത്മക കൈവശം**	**വസ്തു നം.1 :** **(എ) രൂപ 1,59,00,000/-** **(ബി) രൂപ 15,90,000/-** **(സി) രൂപ 1,00,000/-** **വസ്തു നം.2 :** **(എ) രൂപ 69,78,000/-** **(ബി) രൂപ 6,97,800/-** **(സി) രൂപ 1,00,000/-**	അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു.
2	**PNB, ARMB, എറണാകുളം** **M/s M D പൗൾട്രി ഫാം,** പ്ലാന്തോട്ടത്തിൽ ഗോകുലം, കോടുകുളഞ്ഞി, കാരോട്, കൊഴുവല്ലൂർ പി.ഒ, -689521 **ശ്രീ.ദേവദാസ് പി.പി,** പ്ലാന്തോട്ടത്തിൽ ഗോകുലം, കാടുകുളഞ്ഞി കാരോട്, കൊഴുവല്ലൂർ പി.ഒ- 689521	ആലപ്പുഴ ജില്ലയിൽ, ചെങ്ങന്നൂർ താലൂക്കിൽ, വെൺമണി വില്ലേജിൽ, ബ്ലോക്ക് നം. 15, റീ സർവ്വേ നം. 139/3/1 (പഴയ സർവ്വേ നം.187/12-1)ൽ പ്പെട്ട ശ്രീ. ദേവദാസ് പി.പി. എന്നയാളുടെ ഉടമസ്ഥതയിലുള്ള 16.59 ആർ സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **ആധാര പ്രകാരം അതിരുകൾ: വടക്ക്:** റോഡ്; **തെക്ക്:** ദേവദാസ് വക വസ്തു, **കിഴക്ക്:** കുട്ടപ്പൻ വക വസ്തു; **പടിഞ്ഞാറ്:** ഗോപി പ്ലാവിലയിൽ വക വസ്തു.	**(എ). 13(2)-16.05.2015** **(ബി). 28.02.2026 ലെ രൂപ 89,68,198.79 (എൺപത്തി ഒൻപത് ലക്ഷത്തി അറുപത്തി എണ്ണായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ എഴുപത്തി ഒൻപത് പൈസ)**യും പലിശയും മറ്റ് ചെലവുകളും **(സി). കൈവശമെടുത്ത തീയതി -29.10.2015** **(ഡി). പ്രതീകാത്മക കൈവശം**	**(എ) രൂപ 41,00,000/-** **(ബി) രൂപ 4,10,000/-** **(സി) രൂപ 10,000/-**	അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു.

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **27-03-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണിവരെയായിരിക്കും. (7).** ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 10-03-2026, സ്ഥലം: എറണാകുളം. **(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം**

കുട്ടനാട്ടിൽ നെല്ലുസംഭരണ പ്രതിസന്ധി

● നെല്ല് സംഭരണം മുടങ്ങിയ ചെക്കിടിക്കാട് എഴുനൂറ്റിൽ പാടശേഖരം ജനപ്രതിനിധികൾ സന്ദർശിച്ചപ്പോൾ

● എഴുനൂറ്റിൽ പാടത്ത് എട്ടുകിലോ കിഴിവ് ആവശ്യപ്പെട്ട് മില്ലുടമ

● കർഷകർ മറ്റൊരുടമയ്ക്ക് കരാർ നൽകി

എടത്വാ: കുട്ടനാട്ടിൽ വീണ്ടും നെല്ലുസംഭരണ പ്രതിസന്ധി. കടുത്തചൂടിൽ കൊയ്തെടുത്ത എഴുനൂറ്റിൽ പാടത്തെ നെല്ലിന് എട്ടുകിലോ കിഴിവ് ആവശ്യപ്പെട്ട് മില്ലുടമ. കർഷകർ മറ്റൊരു മില്ലുടമയ്ക്ക് കരാർ നൽകി. തകഴി കൃഷിഭവൻ പരിധിയിൽപ്പെട്ട ചെക്കിടിക്കാട് എഴുനൂറ്റിൽ പാടത്താണ് നെടുമുടിയിൽ നിന്നെത്തിയ മില്ലുടമ എട്ടുകിലോ കിഴിവ് ആവശ്യപ്പെട്ടത്.

കൊയ്ത്ത് കഴിഞ്ഞതോടെ പാടശേഖര സെക്രട്ടറി ഷൈക്കുട്ടി മാത്യു മില്ലുടമയുമായി ബന്ധപ്പെട്ടിരുന്നു. ഈർപ്പം നോക്കാതെ തന്നെ 10 കിലോ കിഴവ് മില്ലുടമ ആവശ്യപ്പെട്ടു. ഇതേ തുടർന്ന് സെക്രട്ടറിയുടെ നേതൃത്വത്തിൽ കർഷകർ പാഡി ഓഫീസറെ ഫോണിൽ ബന്ധപ്പെട്ടു. ഇന്നലെ നെല്ലടുപ്പിനെത്തിയ മില്ലുടമ രണ്ടുകിലോ കുറച്ച് എട്ടുകിലോ കിഴിവ് ആവശ്യപ്പെട്ടു.

രണ്ടുകിലോ കിഴിവിൽ കൂടുതൽ നൽകില്ലെന്ന് കർഷകർ പറഞ്ഞെങ്കിലും നെല്ലെടുക്കാൻ മില്ലുടമ തയാറായില്ല. പാടത്ത് പൊതുവായി 17 ശതമാനം ഈർപ്പമാണ് മീറ്ററിൽ രേഖപ്പെടുത്തിയിരുന്നത്. ഏതാനും താഴ്ച കണ്ടത്തിലെ കർഷകരുടെ നെല്ലിൽ മാത്രമാണ് 18 ശതമാനം ഈർപ്പം രേഖപ്പെടുത്തിയിരുന്നത്. ഇതു കണക്കാക്കിയാണ് എട്ടുകിലോ കിഴിവ് പൊതുവായി മില്ലുടമ ആവശ്യപ്പെട്ടത്.

പ്രശ്നം രൂക്ഷമായതോടെ ജനപ്രതിനിധികളും പൊതുപ്രവർത്തകരും സ്ഥലത്തെത്തി മില്ലുമയുമായി സംസാരിച്ചെങ്കിലും ആറുകിലോ കിഴിവിൽനിന്ന് മില്ലുടമ പിന്നോട്ടുമാറിയില്ല. ഇതേത്തുടർന്ന് കർഷകർ മറ്റ് മില്ലുടമകളുമായി ബന്ധപ്പെട്ടിരുന്നു. എടത്തലയിൽനിന്നുള്ള മില്ലുടമ മൂന്നുകിലോ കിഴിവിൽ നെല്ലെടുക്കാമെന്ന് ഉറപ്പ് നൽകിയതോടെ ആദ്യം എത്തിയ മില്ലുടമയെ കർഷകർ മടക്കി അയച്ചു.

കടുത്ത ചൂടിൽ വിളവെടുത്ത നെല്ലിന് കനത്ത കിഴിവ് ചില മില്ലുടമകൾ ആവശ്യപ്പെടു ന്നത് കർഷകരെ ഏറെ വലയ്ക്കുന്നുണ്ട്.

ഇത്തരം മില്ലുടമകൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പാടശേഖരം സന്ദർശിച്ച ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടിജിൻ ജോസഫ്, തകഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാജ്ഞലി, വാർഡ് മെമ്പർ മെർലിൻ ജോജി, വികസന സമിതി പ്രവർത്തകർ എന്നിവർ ആവശ്യപ്പെട്ടു.

ബൈക്കിലെത്തി മാല പൊട്ടിച്ചെടുക്കാൻ ശ്രമം; മോഷ്ടാക്കൾ പിടിയിൽ

കായംകുളം: ബൈക്കിലെത്തി യുവതിയുടെ മാല പൊട്ടിച്ചെടുക്കാൻ ശ്രമിച്ച മോഷ്ടാക്കൾ പിടിയിൽ. കൊല്ലം ഇരവിപുരം വാളത്തുംഗൽ പെരുമാൻതൊടി അൽത്താഫ് മൻസിലിൽ മെന്റൽ അപ്പു എന്ന അൽത്താഫ്(27), ഇരവിപുരം വടക്കേവിള മണക്കാട് ന്യൂ നഗറിൽ തൊടിയിൽ വീട്ടിൽ തൗഫീഖ് (22) എന്നിവരെയാണ് കായംകുളം പോലീസ് ഇരവിപുരത്തുനിന്നും പിടികൂടിയത്.

കഴിഞ്ഞ വ്യാഴാഴ്ച രാവിലെ 06:15ന് കരീലക്കുളങ്ങര സ്പിന്നിങ് മില്ലിലെ ജീവനക്കാരിയായ യുവതി നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് തിരികെ വീട്ടിലേക്ക് പോകുന്ന വഴിയിൽ പ്രതികൾ യുവതിയെ നമ്പർ പ്ലേറ്റില്ലാത്ത മോട്ടോർ സൈക്കിളിൽ പിന്തുടർന്ന് കായംകുളം സെന്റ്.മേരീസ് സ്കൂളിന് മുൻവശം രണ്ടാംപ്രതി യുവതിയുടെ പുറത്തും കഴുത്തിലുമായി കൈ കൊണ്ട് അടിച്ച് വേദനിപ്പിച്ച് കഴുത്തിൽ കിടന്ന സ്വർണമാല പൊട്ടിച്ചെടുക്കാൻ ശ്രമിക്കുയായിരുന്നു.

യുവതി മാലയിൽ പിടിച്ചതോടെ കൊളുത്ത് അകന്ന് മാല വസ്ത്രത്തിനുള്ളിലേക്ക് വീഴുകയും, അടി കൊണ്ട യുവതി സ്കൂട്ടർ മറിഞ്ഞ് താഴെ വീഴുന്നതുകണ്ട് ആൾക്കാർ ഓടി വന്നപ്പോൾ പ്രതികൾ മോട്ടോർ സൈക്കിളിൽ രക്ഷപ്പെടുകയായിരു ന്നു. യുവതിക്ക് കൈക്കും കാലിനും പരുക്ക് പറ്റിയിരുന്നു. നാലുദിവസം കൊണ്ട് കായംകുളം മുതൽ കൊല്ലം വരെ 250 സി.സി.ടി വി ക്യാമറകൾ പരിശോധിച്ചാണ് ഹെൽമെറ്റ് ധരിച്ചിരുന്ന പ്രതികളെ പോലീസ് തിരിച്ചറിഞ്ഞത്.

കായംകുളത്ത് മാല പൊട്ടിച്ചെടുക്കാൻ ശ്രമിക്കുന്നതിന് മുമ്പ് പ്രതികൾ അമ്പലപ്പുഴയിൽനിന്നും നടന്നുപോയ ആളിന്റെ മൊബൈൽ ഫോൺ പിടിച്ചു പറിച്ചെടുത്തിരുന്നു. ഈ മൊബൈൽ ഫോൺ പ്രതികളിൽ നിന്നും പോലീസ് കണ്ടെടുത്തിട്ടുണ്ട്. അൽത്താഫ് ഇരവിപുരം, കൊല്ലം വെസ്റ്റ്, കൊട്ടിയം, വർക്കല സ്റ്റേഷനുകളിൽ മോഷണം, അടിപിടി കേസുകളിൽ പ്രതിയും2023ൽ കാപ്പാ നിയമപ്രകാരം നടപടി നേരിട്ട ആളുമാണ്.



● അൽത്താഫ്

● തൗഫീഖ്

തൗഫീഖ് കിളികൊല്ലൂർ , പോത്തൻകോട്, കരീലക്കുളങ്ങര, ചവറ, കഴക്കൂട്ടം, കൊല്ലം വെസ്റ്റ്, കരുനാഗപ്പള്ളി തുടങ്ങിയ സ്റ്റേഷനുകളിൽ മോഷണം, മയക്കുമരുന്ന് വിപണനം മുതലായ കേസുകളിലും പ്രതിയാണ്. ആലപ്പുഴ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. പങ്കജാക്ഷൻ, കായംകുളം ഡി.വൈ.എസ്.പി. ബിനുകുമാർ എന്നിവരുടെ മേൽനോട്ടത്തിൽ കായംകുളം സി.ഐ. അരുൺ ഷാ, എസ്.ഐ. പ്രേംജിത്ത് കുമാർ, പോലീസുകാരായ അഖിൽ മുരളി, നിഷാദ്, അരുൺ, അതുല്ല്യമോൾ, ആലപ്പുഴ നാർക്കോട്ടിക് സെല്ലിലെ പോലീസുകാരായ ഇയാസ്, മണിക്കുട്ടൻ എന്നിവരടങ്ങിയ അന്വേഷണ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു .

പാണ്ടനാട് ഗ്രാമപഞ്ചായത്ത്

പാണ്ടനാട് പി.ഒ., ചെങ്ങന്നൂർ-689506, 0479-2464287

നമ്പർ: 05/2026/AE/LID & EW/PGP 10/03/2026

ഇ ടെണ്ടർ

2025-26 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പദ്ധതികൾക്ക് ഇ ടെണ്ടർ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ www.tender.lsgkerala.gov.in, www.etenders.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. (Window No. G 275529/2026)

(ഒപ്പ്) അസിസ്റ്റന്റ് എഞ്ചിനീയർ
എൽ.ഐ.ഡി. & ഇ. ഡബ്ല്യു. സെക്ഷൻ, പാണ്ടനാട്

ചെങ്ങന്നൂർ ഗവൺമെന്റ് സർവന്റ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ എ. 875, ചെങ്ങന്നൂർ

പൊതുയോഗ നോട്ടീസ്

മാന്യ സഹകാരികളെ,

ചെങ്ങന്നൂർ ഗവൺമെന്റ് സർവന്റ്സ് സഹകരണസംഘത്തിന്റെ വാർഷിക പൊതുയോഗം 2026 മാർച്ച് 28-ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണിക്ക് സംഘം ഓഫീസിനോട് ചേർന്നുള്ള ഹാളിൽ വച്ച് പ്രസിഡന്റ് ശ്രീമതി ബിന്ദു ബി.യുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ അംഗങ്ങളും കൃത്യസമയത്ത് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആജ്ഞാനുസരണം
ചെങ്ങന്നൂർ ആർ.ശരത്ചന്ദ്രൻ (ഒപ്പ്)
09/03/2026 സെക്രട്ടറി

കാര്യപരിപാടി

1) പൊതുയോഗ നോട്ടീസ് അംഗീകരിക്കുക 2) സ്വാഗതം 3) ഉപക്രമം 4) ചോദ്യോത്തരങ്ങൾ 5) 2023-24, 2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കണക്കുകൾ 5) 2025 26, 2026 27 വർഷത്തേക്കുള്ള ബജറ്റ് 6) അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ 7) പ്രമേയങ്ങൾ 8) ഉപസംഹാരം 9) കൃതജ്ഞത.

കുറിപ്പ്: 1) ചോദ്യങ്ങളും പ്രമേയങ്ങളും 2026 മാർച്ച് മാസം 21 ാം തീയതി വൈകിട്ട് 5 മണിക്കകം സംഘംഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
2) റിപ്പോർട്ടും കണക്കും സംഘം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

പതിനാറുകാരിയെ ശല്യംചെയ്ത മധ്യവയസ്കൻ അറസ്റ്റിൽ



● വിശ്വനാഥൻ

ആലപ്പുഴ: പ്ലസ്ടു വിദ്യാർഥിയായ പതിനാറുകാരിയെ വീട്ടിൽ അതിക്രമിച്ചുകയറി ലൈംഗികപരമായി ശല്യം ചെയ്ത മധ്യവയസ്കൻ അറസ്റ്റിൽ.

ചേർത്തല മരുത്തോർവട്ടം നടുവിലേപൊള്ളയിൽ വിശ്വനാഥനെ(54)യാണ് മാരാരിക്കുളം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ എട്ടിന് ഉച്ചയ്ക്ക് 2.30 ന് പ്ലസ്ടു പരിക്ഷയ്ക്ക് പഠിച്ചുകൊണ്ടിരുന്ന പെൺകുട്ടിയെ വീട്ടിൽ അതിക്രമിച്ചുകയറി ശല്യം ചെയ്യുകയായിരുന്നു.

അറസ്റ്റിലായ പ്രതിയെ കോടതിയിൽ ഹാജരാക്കി. മാരാരിക്കുളം എസ്.ഐ എം. ആനന്ദിന്റെ നേതൃത്വത്തിൽ എസ്.ഐ മാരായ സുനിൽകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ സുരേഷ്, ബൈജു എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

ഹരിപ്പാട്: സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ 2026-27 അധ്യയന വർഷത്തെ എട്ടാം ക്ലാസ് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. ഏഴാം ക്ലാസ് വിജയിച്ചിട്ടുള്ള വിദ്യാർഥികൾക്കാണ് പ്രവേശനത്തിനുള്ള യോഗ്യത. ംംം.ൂീഹ്യമറാശ ശൈീ.ീൃഴ/വേ എന്ന വെബ്സൈറ്റിലൂടെ അടുത്ത മാസം ആറു വരെ ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിയ്ക്കേണ്ടത്. അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും പ്രവേശനം. അഭിരുചി പരീക്ഷ അടുത്ത മാസം ഒൻപതിന് രാവിലെ 10 മുതൽ 11.30 വരെ ഹരിപ്പാട് ടെക്നിക്കൽ ഹൈസ്കൂളിൽ നടത്തും. www.polyadmission.org/ths എന്ന വെബ്സൈറ്റ് സന്ദർശിയ്ക്കുക. ഹെൽപ്പ് ഡെസ്ക്:9846708413, 9495311972, 974461184 , 29447272731.

പ്രത്യേക പരിശീലനം സംഘടിപ്പിച്ചു

ആലപ്പുഴ: മെഡിക്കൽ കോളജ് ആശുപത്രിയിൽ ശിശുരോഗ വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ (ആർ.ഇ.ഐ.സി) ആൻഡ് ഓട്ടിസം സെന്ററിന്റെ ആഭിമുഖ്യത്തിൽ അങ്കണവാടി അധ്യാപകർക്ക് പരിശീലനം സംഘടിപ്പിച്ചു.

ആലപ്പുഴ നഗരസഭയിലെ ഐ.സി.ഡി.എസിന്റെ കീഴിലുള്ള സെക്ടർ നാലിലെ അങ്കൻവാടി അധ്യാപകർക്കായി കുട്ടികളിയിലെ വളർച്ച വികാസ വ്യതിയാനങ്ങളെ നേരത്തെ കണ്ടുപിടിക്കുന്നതിനെക്കുറിച്ചാണ് പരിശീലനം നൽകിയത്. ആർ.ഇ.ഐ.സി ആൻഡ് ഓട്ടിസം സെന്ററിന്റെ നോഡൽ ഓഫീസറും മെഡിക്കൽ കോളജ് ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗം അസോസിയേറ്റ് പ്രഫസറുമായ ഡോ. ലതിക നായർ നേതൃത്വം നൽകി. ഡോ. ശ്രീലക്ഷ്മി, പി.എം അശ്വതി, വി.എസ്. അനുമോൾ, റ്റി.അർച്ചന, മിഞ്ചു ബൈജു, അനിതകുമാരി, ആനന്ദ ഭൈരവി, ആർ.ഇ.ഐ.സി മാനേജർ ലിനി ഗ്രിഗറി തുടങ്ങിയവർ സംസാരിച്ചു. 17ന് സെക്ടർ അഞ്ചിലെ അങ്കണവാടി അധ്യാപകർക്കായി ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

സമഗ്ര അന്വേഷണം വേണം: ആർ.ജെ.ഡി.

മാന്നാർ : ചെന്നിത്തല നവോദയ വിദ്യാലയത്തിൽ പ്ലസ്വൺ വിദ്യാർഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ സമഗ്ര അന്വേഷണം വേണമെന്ന് രാഷ്ട്രീയ ജനതാദൾ ജില്ലാ വർക്കിംഗ് പ്രസിഡന്റ് ഗിരീഷ് ഇലഞ്ഞിമേൽ ആവശ്യപ്പെട്ടു.

കില പരിശീലന പരിപാടി

കുട്ടനാട്: 'കില'യുടെ ആഭിമുഖ്യത്തിൽ ചമ്പക്കുളം ബ്ലോക്ക് പരിധിയിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ആശാ പ്രവർത്തകർക്കായി നിപ രോഗവും പ്രതിരോധ മാർഗങ്ങളും എന്ന വിഷയത്തിൽ പരിശീലന പരിപാടിക്ക് റിട്ട. എ.എൽ.ഒ ബേബി തോമസ് നേതൃത്വം നല്കി.

മങ്കൊമ്പ് ബ്രൂക്ക് ഷോർ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിക്ക് കില ജില്ല കോ ഓർഡിനേറ്റർ ജിജോ ജോർജ് നേതൃത്വം നൽകി. മനു, കെ.ആർ. രാജ് മോഹൻ നസറുദീൻ എന്നിവർ ക്ലാസെടുത്തു.

മാവേലിക്കര അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിൽ

OP(MV) No. 1010/2024

ഹർജിക്കാരൻ: തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കുറവൻകോണം വില്ലേജിൽ കുറവൻകോണം മുറിയിൽ ദേവസ്വംബോർഡ്, TC4/1523(2), ARA37 North Cliff House അജിത്ത് കുമാർ മകൻ 28 വയസുള്ള അൻജിത്ത് കൃഷ്ണ എ.

പ്രതി: (1) തിരുവനന്തപുരം കാട്ടാകട താലൂക്കിൽ വിളവൂർക്കൽ വില്ലേജിൽ വിവേകാനന്ദ നഗർ VNRC C-25 രഞ്ജിത് കുമാർ ഭരത്ത് മകൻ ഭരത്ത് രഞ്ജിത്ത് @ ഗോട്ടു.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

ഹർജിക്കാരന് വാഹനാപകടത്തിൽ പരുക്ക് പറ്റിയതിന്റെ നഷ്ടപരിഹാരം കിട്ടുന്നതിന് ബോധിപ്പിച്ചിട്ടുള്ള ടി ഹർജി 18/03/2026 ലേക്ക് വിചാരണയ്ക്ക് വച്ചിട്ടുള്ളതും നിങ്ങൾക്ക് തർക്കമുള്ളപക്ഷം അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അഡ്വക്കേറ്റോ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ഹർജി തീർച്ച ചെയ്യുന്നതുമാണെന്നുള്ള വിവരം നിങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻപ്രകാരം
അഡ്വ. ആർ. അനൂപ്കുമാർ
മാവേലിക്കര (ഒപ്പ്)
27.2.2026

കുട്ടനാട് (3) ലാന്റ് ട്രൈബ്യൂണലിലെ എസ്.എം.

എ പാർട്ടി (കുടിയാൻ) : എം. കെ. മണിയൻ, പുത്തൻപുരയ്ക്കൽ, കുട്ടമംഗലം പി.ഒ, 688501

ബി പാർട്ടി : കുട്ടമംഗലം മുറിയിൽ ചക്കംകുളത്തിൽ ഗോപാലപിള്ള, കേശവപിള്ള, വേലായുധൻപിള്ള, ഗംഗാധരൻപിള്ള, മാധവിയമ്മ, ഭാർഗവിയമ്മ, പുതുപ്പറമ്പിൽ, ചക്കംകളത്തിൽ ഗോപാലപിള്ള കരുണാകരപിള്ള.

മേൽനമ്പർ കേസിൽ ആലപ്പുഴ ജില്ല കുട്ടനാട് താലൂക്കിൽ കൈനകരി വടക്ക് വില്ലേജിൽ ബ്ലോക്ക് 7 ൽ റീസർവെ നമ്പർ 250/15, 250/8, 250/3 എന്നിവയിൽപ്പെട്ട 13.80 ആർസ് വസ്തുവിന്റെ ജന്മവും അവകാശബന്ധുവും പതിച്ച് കിട്ടുന്നതിന് വേണ്ടി മേൽവിവരിച്ച എ പാർട്ടി അപേക്ഷ ബോധിപ്പിച്ചതനുസരിച്ച് കോടതി മുഖാന്തിരം, നടപടി സ്വീകരിച്ച് ബി പാർട്ടിയായ ജന്മിക്ക് രജിസ്റ്റേർഡ് കത്തയച്ചിട്ട് കൈപ്പറ്റാതെ മടങ്ങിവന്നതിനാൽ ബി പാർട്ടിയോ അവകാശികളോ ടി കേസിൽ താൽപര്യമുള്ളവരോ കേസിന്റെ അടുത്ത വിചാരണ തീയതിയായ 18.03.2026 പകൽ 11 മണിക്ക് മുമ്പായി കുട്ടനാട് ലാന്റ് ട്രൈബ്യൂണൽ മുമ്പാകെ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ടി കേസിൽ മറ്റാർക്കും ആക്ഷേപമില്ലെന്നുള്ള നിഗമനത്തിൽ ടി വസ്തുവിന്റെ ജന്മവും അവകാശബന്ധവും എ പാർട്ടിയുടെ പേരിൽ പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നുള്ള വിവരം സകലമാന പേരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്) തഹസിൽദാർ ആൻഡ്
ലാൻഡ് ട്രൈബ്യൂണൽ
മങ്കൊമ്പ് കുട്ടനാട് ചേർത്തല
07-03-2026